(സി) തെക്ക്നിക്കര കനാലിൽനിന്നും പുത്തനാറിലേയ്ക്ക് ഒഴുക്കി വിടുന്ന സ്വീവേജ് മാലിന്യങ്ങൾ നേരിട്ട് സ്വീവേജ് ഫാമിലേയ്ക്ക് കൊണ്ടുപോകുന്നതിനുള്ള പദ്ധതി പൂർത്തിയാക്കുവാനുണ്ടായ കാലതാമസമാണ് പ്രധാനമായും ഈ പദ്ധതിയെ ബാധിച്ചത്.

(ഡി) ഈ ഇനത്തിൽ തിരുവനന്തപുരം നഗരസഭ തുകയൊന്നും ചെലവഴിച്ചിട്ടില്ല.

152 (733) പനവൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീമതി ഉഷയുടെ സസ്പെൻഷൻ

ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുമങ്ങാട് നിയോജകമണ്ഡലത്തിലെ പനവൂർ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി ശ്രീമതി ഉഷയെ സസ്പെന്റ് ചെയ്തത് എന്നാണ്;

(ബി) സസ്പെന്റ് ചെയ്യാൻ കാരണമെന്താണ്;

(സി) സെക്രട്ടറിക്കെതിരെ പരാതി നൽകിയതാരാണ്; അദ്ദേഹം ഏതു രാഷ്ട്രീയ പർട്ടിയിലെ അംഗമാണ്;

(ഡി) പരാതി സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ ആരാണ് അന്വേഷിച്ചത്;

(ഇ) അന്വേഷണത്തിൽ പഞ്ചായത്ത് പ്രസിഡന്റ് തെളിവ് നൽകിയിട്ടുണ്ടോ;

(എഫ്) പ്രസിഡന്റ് ഏതു രാഷ്ട്രീയ പാർട്ടിയിൽപ്പെട്ട ആളാണ്;

(ജി) അന്വേഷണം സംബന്ധിച്ച് പ്രസിഡന്റ് നൽകിയ സ്റ്റേറ്റുമെന്റ് എന്താണ്;

(എച്ച്) പരാതിയിൽ പറയുന്ന മരം മുറിച്ച സംഭവം ഉണ്ടായത് എന്നാണ്; സംഭവം നടക്കുമ്പോൾ ഇപ്പോഴത്തെ പഞ്ചായത്ത് സെക്രട്ടറി ആ സ്ഥാനം വഹിച്ചിരുന്നുവോ;

(ഐ) മരം മുറിച്ച സംഭവം പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെട്ടതെന്നാണ്; അതിനെ തുടർന്ന് സെക്രട്ടറി എന്തെല്ലാം നടപടി സ്വീകരിച്ചു;

(ജെ) പരാതി ലഭിച്ച ഉടൻ നിയമപരമായ എല്ലാ നടപടികളും സ്വീകരിച്ചുവെന്ന് പഞ്ചായത്ത് സെക്രട്ടറിക്കെതിരെ അന്വേഷണം നടത്തിയ ഉദ്യോഗസ്ഥർ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ;

(കെ) എങ്കിൽ സസ്പെൻഷൻ നടപടി റദ്ദാക്കി അവരെ ജോലിയിൽ പ്രവേശിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 2.2.2000-ത്തിൽ.

(ബി) പഞ്ചായത്ത്വക സ്ഥലത്ത് നിന്നിരുന്ന മരം അനധികൃതമായി മുറിച്ചു മാറ്റിയതിനെതിരെ മേൽനടപടികൾ സ്വീകരിക്കുന്നതിൽ വീഴ്ചവരുത്തിയതിനാൽ അന്വേഷണ വിധേയമായി സസ്പെന്റ് ചെയ്യുകയാണുണ്ടായത്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ശ്രീ. ഹബീബ് റഹ്മാൻ. ടിയാന്റെ രാഷ്ട്രീയ പാർട്ടിയിലെ അംഗത്വത്തക്കുറിച്ച് അറിവില്ല.

(ഡി) തിരുവനന്തപുരം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ.

(ഇ) ഉണ്ട്.

(എഫ്) സി.പി.ഐ.(എം.)

(ജി) മരം മുറിച്ചു മാറ്റി എന്ന പരാതി 15.1.2000-ത്തിലാണ് ലഭിച്ച തെന്നും അന്വേഷണത്തിൽ 15 ദിവസം മുമ്പാണ് മരം മുറിച്ചു മാറ്റിയതെന്ന് കണ്ടുവെന്നും പരാതി ലഭിച്ച മുറയ്ക്ക് നടപടി സ്വീകരിക്കുവാൻ സെക്രട്ട റിയെ ചുമതലപ്പെടുത്തി എന്നുമാണ്.

(എച്ച്) മരം മുറിച്ചു മാറ്റിയത് എന്നാണെന്ന് കൃത്യമായി കണ്ടെത്തിയി ട്ടില്ല. മരം മുറിച്ചു മാറ്റപ്പെടുമ്പോൾ സസ്പെൻഷനിലുള്ള സെക്രട്ടറിയായിരുന്നു പഞ്ചായത്തിന്റെ ചുമതല വഹിച്ചിരുന്നത് എന്നാണ് അന്വേഷണ വിവരം.

(ഐ) 15.1.2000-ത്തിലാണ് സംഭവം ശ്രദ്ധയിൽപ്പെട്ടതെന്ന് പഞ്ചായത്ത് അധികൃതർ പറയുന്നു. 17.1.2000-ത്തിൽ പോലീസിന് പരാതി നൽകി.

(ജെ) ഇല്ല.

(കെ) മരം മുറിച്ചു മാറ്റപ്പെട്ട സംഭവത്തിൽ സെക്രട്ടറിയുടെ ഭാഗത്തു നിന്നുണ്ടായ വീഴ്ചകൾ സംബന്ധിച്ച് വിശദാന്വേഷണം നടത്തി നടപടി സ്വീകരിക്കുവാൻ പഞ്ചായത്ത് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

153 (734) ബി.ഡി.ഒ.മാരുടെ ഒഴിവുകൾ നികത്താൻ നടപടി

ശ്രീമതി എൻ.കെ. രാധ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഗ്രാമവികസന വകുപ്പിൽ ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസർമാരുടെ എത്ര ഒഴിവുകൾ നിലവിലുണ്ട്;

(ബി) ഈ ഒഴിവുകൾ നികത്താൻ നടപടിയെടുക്കുമോ?

ഉത്തരം

(എ) 46 ഒഴിവുകൾ.

(ബി) നടപടി സ്വീകരിച്ചുവരുന്നു.

154 (735) ഡി.ഇ.ഒ.മാരെ പ്രോമോട്ടുചെയ്ത് ബി.ഡി.ഒ.മാരുടെ ഒഴിവ് നികത്താൻ നടപടി

ശ്രീമതി ആർ. ലതാദേവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ബ്ലോക്ക് ഓഫീസുകളിൽ ബി.ഡി.ഒ.മാ രില്ല എന്നതിന്റെ ലിസ്റ്റ് നൽകുമോ:

(ബി) ഈ ഒഴിവുകൾ ഉണ്ടായിട്ട് എത്ര വർഷമായി എന്ന് വ്യക്തമാ ക്കുമോ;

(സി) ബി.ഡി.ഒ.മാരുടെ പി.എസ്.സി. ലിസ്റ്റ് നിലവിലുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly